# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമയപരിധി അവസാനിച്ചതോടെ രാജ്യത്ത് ആദ്യഘട്ട വോട്ടെടുപ്പിന്റെ സമ്പൂർണ ചിത്രം തെളിഞ്ഞു.

   **With the expiry of the deadline for withdrawal of nominations, the complete picture of the first phase of polling in the country has become clear.**

2. എൻ.ഡി.എ.യുടെ തെരഞ്ഞെടുപ്പു റാലിക്ക് ഉത്തർപ്രദേശിലെ മീററ്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.

   **PM Modi today kicks off BJP's Lok Sabha election campaign at Meerut in UP.**

3. രൂപവൽക്കരിച്ചശേഷം ഇതാദ്യമായി മഹാറാലി സംഘടിപ്പിച്ച് ഐ.എൻ.ഡി.ഐ സഖ്യം; പ്രതിഷേധം ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിലടക്കം നിരവധി വിഷയങ്ങളിൽ.

   **The Opposition Indian National Developmental Inclusive Alliance today organises maha rally at Delhi's Ramlila Maidan to protest against many issues including Delhi Chief Minister Arvind Kejriwal's arrest.**

4. ത്യാഗത്തിന്റെയും ഉയിർപ്പിന്റെയും സ്മരണകളുണർത്തി ലോകമെമ്പാടുമുള്ള വിശ്വാസികൾ ഈസ്റ്റർ ആഘോഷിച്ചു.

   **The festival of Easter is being celebrated all over the world today.**

5. മിയാമി ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസ് കിരീടം രോഹൻ ബൊപ്പണ്ണ-മാത്യു എബ്ഡൻ സഖ്യത്തിന്.

Indian tennis star Rohan Bopanna and his Australian partner Matthew Ebden clinched a historic victory in the men's doubles final at the Miami Open.

6. ഐ പി എൽ ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് ജയം; ഡൽഹി ക്യാപിറ്റൽസ് - ചെന്നൈ സൂപ്പർ കിങ്സ് മത്സരം അൽപ്പസമയത്തിനകം.

In IPL cricket, Gujarat Titans beat Sun Risers Hyderabad by seven wickets; The second match of the day between Delhi Capitals and Chennai Super Kings m is underway.

&&&&&&&&&&&&&&&&&&

**EVE. BHARAT RATNA – ADVANI**

രാഷ്ട്രപതി ദ്രൗപദി മുർമു, മുൻ ഉപപ്രധാനമന്ത്രി ലാൽ കൃഷ്ണ അഡ്വാനിക്ക് രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നൽകി ആദരിച്ചു. ന്യൂഡൽഹിയിലെ വസതിയിൽ വച്ചാണ് പുരസ്കാരം സമ്മാനിച്ചത്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ ഉപരാഷ്ട്രപതി എം വെങ്കയ്യ നായിഡു, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തരമന്ത്രി അമിത് ഷാ, അഡ്വാനിയുടെ കുടുംബാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഏഴ് പതിറ്റാണ്ടിലേറെ അചഞ്ചലമായ അർപ്പണബോധത്തോടും അസാധാരണമായ വൈദഗ്ധ്യത്തോടും കൂടി രാജ്യത്തെ സേവിച്ച വ്യക്തിയാണ് ശ്രീ എൽ കെ അഡ്വാനിയെന്ന് സമൂഹമാധ്യമത്തിൽ രാഷ്ട്രപതി കുറിച്ചു. രാജ്യപുരോഗതിക്ക് അദ്ദേഹം നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമാണ് ഈ ബഹുമതിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 1

**NOMINATION WITHDRAWAL**

ലോക്സഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമപരിധി ഇന്നലെ അവസാനിച്ചതോടെ രാജ്യത്ത് ആദ്യഘട്ട വോട്ടെടുപ്പിന്റെ സമ്പൂർണ ചിത്രം തെളിഞ്ഞു. ഏപ്രിൽ 19ന് ആദ്യഘട്ടത്തിൽ 21

സംസ്ഥാനങ്ങളിലായി 102 ലോക്സഭാ മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പു നടക്കുന്നത്. ജൂൺ ഒന്നിന് അവസാനഘട്ട വോട്ടെടുപ്പും കഴിഞ്ഞ ശേഷം ജൂൺ നാലിനാണ് വോട്ടെണ്ണൽ. സിക്കിം, അരുണാചൽ പ്രദേശ് നിയമസഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രികകൾ പിൻവലിക്കാനുള്ള സമയപരിധിയും അവസാനിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

**PM – MEERUT RALLY**

ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലെ മീററ്റിൽ ബിജെപിയുടെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ചു. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് ഒരു സർക്കാർ രൂപീകരിക്കുക എന്നതിനപ്പുറം ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കാനും ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയാക്കി മാറ്റാനും വേണ്ടിയുള്ളതാണെന്ന് പൊതു റാലിയെ അഭിസംബോധന ചെയ്തു പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

**I.N.D.I.A – MAHA RALLY**

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിലടക്കം നിരവധി വിഷയങ്ങളിൽ പ്രതിഷേധിച്ച് ഡൽഹി രാംലീല മൈതാനിയിൽ ഐ.എൻ.ഡി.ഐ സഖ്യം മഹാറാലി സംഘടിപ്പിച്ചു. രൂപവൽക്കരിച്ച ശേഷം ഇതാദ്യമായാണ് സഖ്യം മഹാറാലി സംഘടിപ്പിക്കുന്നത്. കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, മല്ലികാർജുൻ ഖർഗെ, പ്രിയങ്ക ഗാന്ധി, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മൻ, അരവിന്ദ് കെജ്‌രിവാളിന്റെ ഭാര്യ സുനിത, ഝാർഖണ്ഡ് മുഖ്യമന്ത്രി ചമ്പൈ സോറൻ, മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ഭാര്യ കൽപ്പന, സിപിഐ എം നേതാവ് സീതാറാം യെച്ചൂരി, സിപിഐ നേതാവ് ഡി രാജ, മറ്റു കക്ഷിനേതാക്കളായ ഉദ്ധവ് താക്കറെ, ശരത് പവാർ, തേജസ്വി യാദവ, ഫാറൂഖ് അബ്ദുള്ള, മെഹ്ബൂബ മുഫ്തി,

അഖിലേഷ് യാദവ്, ഡെറിക് ഒബ്രിയൻ തുടങ്ങിയവർ മഹാറാലിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**LAKSHADWEEP**

സൂക്ഷ്മ പരിശോധനാ പ്രക്രിയകൾ അവസാനിച്ചപ്പോൾ ഇന്ത്യയിലെ ഏറ്റവും ചെറിയ ലോക്സഭാ മണ്ഡലമായ ലക്ഷദ്വീപിൽ മത്സരരംഗത്തുള്ളത് നാലു സ്ഥാനാർഥികൾ. NCP ശരത് പവാർ പക്ഷ സ്ഥാനാർത്ഥിയായി നിലവിലെ എംപി മുഹമ്മദ് ഫൈസൽ, കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി അഡ്വ. ഹംദുള്ളാ സെയ്ദ്, NDA സ്ഥാനാർത്ഥിയായി NCP അജിത് പവാർ പക്ഷത്തെ TP യൂസഫ്, സ്വതന്ത്ര സ്ഥാനാർത്ഥിയായി കൽപ്പേനി ദ്വീപ് സ്വദേശി കെ കോയ എന്നിവരാണ് മത്സരിക്കുന്നത്. ഏപ്രിൽ 19ന് ആദ്യ ഘട്ടത്തിലാണ് ലക്ഷദ്വീപിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

**MP-NOMINATIONS**

മധ്യപ്രദേശിൽ ആറ് സീറ്റുകളിലായി 88 സ്ഥാനാർത്ഥികളാണ് ആദ്യഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരരംഗത്തുള്ളത്. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായ ഇന്നലെ 19 പേർ പത്രിക പിൻവലിച്ചു. സിധി ലോക്സഭാ മണ്ഡലത്തിൽ 17, ഷാഹ്ദോലിൽ 10, ജബൽപൂരിൽ 19, മണ്ഡ്‌ലയിൽ 14, ബാലാഘട്ടിൽ 13, ചിന്ദ്വാരയിൽ 15 സ്ഥാനാർഥികളാണ് ഇപ്പോൾ മത്സരരംഗത്തുള്ളത്.

&&&&&&&&&&&&&&&&&&

**ASSAM-NOMINATIONS**

അസമിൽ ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന അഞ്ച് ലോക്സഭാ സീറ്റുകളിൽ 35 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്. ജോർഹാട്ട് മണ്ഡലത്തിലെ ഒരു സ്ഥാനാർഥി ഇന്നലെ പത്രിക പിൻവലിച്ചിരുന്നു. ബിജെപി അഞ്ച് സീറ്റിൽ മത്സരിക്കുന്നുണ്ട്. നാല് സീറ്റിൽ മത്സരിക്കുന്ന കോൺഗ്രസ്സ്, ഒരു സീറ്റിൽ അസം ജാതീയ പരിഷദ് സ്ഥാനാർത്ഥിയെ പിന്തുണക്കും. ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ സർബാനന്ദ് സോണോവാൾ,

കോൺഗ്രസ്സ് നേതാവ് ഗൗരവ് ഗോഗോയ്, അസം ജാതീയ പരിഷദ് അധ്യക്ഷൻ ലൂറിൻജ്യോതി ഗോഗോയ് തുടങ്ങിയവർ ഈ ഘട്ടത്തിൽ ജനവിധി തേടുന്നവരിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

**SITHARAMAN**

നടപ്പ് സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം എട്ട് ശതമാനം വളർച്ച രേഖപ്പെടുത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

മുംബൈയിൽ നിക്ഷേപ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ മുൻ വർഷത്തെ അപേക്ഷിച്ച് 8.4 ശതമാനം വളർച്ച കൈവരിച്ചുവെന്നും, ഇന്ത്യ ഏഷ്യയിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥ ആണെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**AKASHVANI@75**

ആകാശവാണി തിരുവനന്തപുരം നിലയം 75-ാംാം വർഷത്തിലേക്ക്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്ക് നാളെ തിരുവനന്തപുരം ആകാശവാണി അങ്കണത്തിൽ തുടക്കമാകും. വൈകുന്നേരം മൂന്നിന് പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

**ROUGH SEA**

കേരളത്തിൽ നാലു ജില്ലകളിൽ കടലാക്രമണം രൂക്ഷം. തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും തൃശ്ശൂരുമാണ് കടലാക്രമണമുണ്ടായത്.

&&&&&&&&&&&&&&&&&&

**WEATHER - KERALA**

കേരളത്തിൽ ബുധനാഴ്ച വരെ ഉയർന്ന താപ നില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയർന്നേക്കും. പത്തനംതിട്ട, കോട്ടയം,

മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും താപനില വർദ്ധിക്കാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

### EASTER (INTRO)

ത്യാഗത്തിന്റെയും ഉയിർപ്പിന്റെയും സ്മരണകളുണർത്തി ലോകമെമ്പാടുമുള്ള വിശ്വാസികൾ ഈസ്റ്റർ ആഘോഷിച്ചു. കൂടുതൽ മെച്ചപ്പെട്ടൊരു ലോകം പണിതുയർത്താൻ എല്ലാം ത്യജിച്ച യേശുവിന്റെ സ്മരണയാണ് ഈസ്റ്ററിന്റെ കാതൽ. ഒരു റിപ്പോർട്ട്...... (വോയ്സ്)........

### EASTER (VOICE)

ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്താകമാനമുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പാതിരാ പ്രാർത്ഥനകൾ നടന്നു. വത്തിക്കാനിലെ സെയ്ന്റ് പീറ്റേഴ്സ് ബസിലിക്കയിൽ രണ്ടു മണിക്കൂറിലേറെ നീണ്ട പ്രത്യേക പ്രാർത്ഥനകൾക്ക് ഫ്രാൻസിസ് മാർപ്പാപ്പ നേതൃത്വം നൽകി. ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാ പൗരന്മാർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ഈസ്റ്റർ ആശംസകൾ നേർന്നു. യേശു ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സ്മരണകൾ ഉണർത്തുന്ന ഈസ്റ്റർ ആഘോഷങ്ങൾ സ്നേഹവും അനുകമ്പയും അടയാളപ്പെടുത്തുന്നുവെന്ന് രാഷ്ട്രപതി സന്ദേശത്തിൽ കുറിച്ചു. സ്നേഹത്തിന്റെയും, അനുകമ്പയുടേയും ക്ഷമയുടെയും പരമമായ പ്രഭാവമാണ് യേശു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ഉത്സവമായ ഈസ്റ്റർ എന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു. എല്ലാവർക്കും സന്തോഷം നിറഞ്ഞ ഈസ്റ്റർ ആശംസിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി, ഈ ദിനം നമുക്കെല്ലാവർക്കും ഒരുമിച്ചു നിൽക്കാനുള്ള പ്രചോദനമാകട്ടെ എന്ന ആശംസ പങ്കുവച്ചു. ഈസ്റ്റർ ദിനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തിരുവനന്തപുരം പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ സുറിയാനി പള്ളി സന്ദർശിച്ചു. പ്രതിബന്ധങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ച് സ്നേഹത്തിന്റെയും കരുണയുടെയും മൂല്യങ്ങൾ ശക്തിയോടെ ശോഭിക്കുമെന്ന പ്രത്യാശയുടെ സന്ദേശമാണ് ഈസ്റ്റർ മുന്നോട്ടുവയ്ക്കുന്നതെന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ കുറിച്ചു.
**ന്യൂസ് ഡെസ്ക്, ആകാശവാണി.....**

&&&&&&&&&&&&&&&&&&

## CBI-LECTURE

സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ സ്ഥാപക ദിനാചരണം നാളെ. ഇതോടനുബന്ധിച്ച് സിബിഐ നാളെ 20-ാമത് ഡി.പി. കോഹ്ലി അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് പ്രഭാഷണം നടത്തും. 'നൂതന നീതിന്യായ സംവിധാനത്തിനായി സാങ്കേതികവിദ്യ സ്വീകരിക്കൽ' എന്നതാണ് ഈ വർഷത്തെ പ്രഭാഷണ വിഷയം. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകളും ചടങ്ങിൽ സമ്മാനിക്കും. കൈക്കൂലി, അഴിമതി കേസുകൾക്ക് പുറമെ, കേന്ദ്ര ധന നിയമങ്ങളുടെ ലംഘനങ്ങളും മറ്റ് ഗുരുതരമായ കുറ്റകൃത്യങ്ങളും അന്വേഷിക്കുന്നതിനായി 1963 ഏപ്രിൽ ഒന്നിനാണ് സി ബി ഐ സ്ഥാപിതമായത്.

&&&&&&&&&&&&&&&&&&

## DHAKA -ONION-IMPORT

ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഉള്ളിയുടെ ആദ്യ ചരക്ക് ഇന്ന് രാത്രിയോടെ ബംഗ്ലാദേശിൽ എത്തിച്ചേരും. ഇറക്കുമതി ചെയ്യുന്ന 50,000 മെട്രിക് ടൺ ഉള്ളിയിൽ നിന്ന് ആദ്യ ഘട്ടമായി 1650 ടൺ ട്രെയിൻ വഴി ഇറക്കുമതി ചെയ്യുമെന്നും, ധാക്കയിലെയും ചാറ്റോഗ്രാമിലെയും നിയുക്ത വിതരണക്കാർ മുഖേന ഇറക്കുമതി ചെയ്ത ഉള്ളിയുടെ വിൽപ്പന രണ്ട് ദിവസത്തിനുള്ളിൽ ആരംഭിക്കുമെന്നും, ബംഗ്ലാദേശ് വാണിജ്യ മന്ത്രി അഹ്സനുൽ ഇസ്ലാം ടിറ്റു പറഞ്ഞു. നേരത്തെ, വിദേശകാര്യ മന്ത്രാലയത്തിൻ്റെ ശുപാർശ പ്രകാരം ബംഗ്ലാദേശിലേക്കും മറ്റ് അഞ്ച് രാജ്യങ്ങളിലേക്കും സർക്കാരുകൾ വഴിയുള്ള ഉള്ളി കയറ്റുമതി ഇന്ത്യ അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## ARUNACHAL-POLLS

&&&&&&&&&&&&&&&&&&

ലോക്സഭാ തിരഞ്ഞെടുപ്പിനൊപ്പം നിയമസഭാ തിരഞ്ഞെടുപ്പും നടക്കുന്ന അരുണാചൽ പ്രദേശിൽ പത്ത് ബിജെപി സ്ഥാനാർത്ഥികൾ നിയമസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള കാലാവധി ഇന്നലെ അവസാനിച്ചതോടെയാണ് മുഖ്യമന്ത്രി പെമ ഖണ്ഡു ഉൾപ്പെടെയുള്ള സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടത്. അറുപതംഗ നിയമസഭയിൽ ബാക്കിയുള്ള അൻപത് സീറ്റുകളിലേക്കാകും ഏപ്രിൽ 19ന് വോട്ടെടുപ്പ്. അരുണാചൽ പ്രദേശിലെ രണ്ട് ലോക് സഭാ സീറ്റുകളിലായി 14 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്.

## GOA - STATE PROFILE

&&&&&&&&&&&&&&&&&&

ഗോവയിലെ രണ്ട് ലോക്സഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ്, തിരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടമായ മെയ് ഏഴിന് നടക്കും. ഗോവയിലാകെ 11.72 ലക്ഷം വോട്ടർമാരാണുള്ളത്. ഇതിൽ ആറ് ലക്ഷത്തിലധികം പേർ സ്ത്രീകളാണ്. 18നും 19നുമിടയിൽ പ്രായമുള്ള 25,000-ലധികം പുതിയ വോട്ടർമാരും ഇത്തവണ വോട്ടു രേഖപ്പെടുത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## MIAMI OPEN TENNIS

മിയാമി ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസ് കിരീടം രോഹൻ ബൊപ്പണ്ണ-മാത്യു എബ്ഡൻ സഖ്യം സ്വന്തമാക്കി. ഇവാൻ ഡോഡിക്-ഓസ്റ്റിൻ ക്രാജിസെക് എന്നിവരുൾപ്പെട്ട ക്രൊയേഷ്യൻ-അമേരിക്കൻ സഖ്യത്തെ ഒന്നിനെതിരെ രണ്ടു സെറ്റുകൾക്കാണ് ഇന്ത്യൻ-ഓസ്ട്രേലിയൻ കൂട്ടുകെട്ട് പരാജയപ്പെടുത്തിയത്. ഇതോടെ 44 കാരനായ ബൊപ്പണ്ണ, എടിപി മാസ്റ്റേഴ്സ് 1000 കിരീടം നേടുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തിയായി.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## IPL

ഐ പി എൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് ജയം. അഞ്ചു പന്തു ശേഷിക്കെ 3 വിക്കറ്റ് നഷ്ടത്തിലാണ് ഹൈദരാബാദ് ഉയർത്തിയ 163 റൺസ് വിജയലക്ഷ്യം ഗുജറാത്ത് മറികടന്നത്. വിശാഖപട്ടണത്ത് പുരോഗമിക്കുന്ന രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടുന്നു. ടോസ് നേടിയ ഡൽഹി ബാറ്റിംഗ് തെരഞ്ഞെടുത്തു.

## ISL

&&&&&&&&&&&&&&&&&&

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ മോഹൻബഗാൻ സൂപ്പർ ജയന്റ്സ് - ചെന്നൈയിൻ എഫ് സി പോരാട്ടം ആരംഭിച്ചു. കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&